"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ നന്നം മുക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ കെ.വി.അബ്ദുൽ കരീം - ചികിത്സാ ചെലവായ 1,02,177/രൂപ - തനത് ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിന് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1121/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/06/2020

പരാമർശം:- 1 നന്നം മുക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടായ ശ്രീ കെ.വി.അബ്ദുൽ കരീം നൽകിയ 25/2/2020- ലെ അപേക്ഷ.

2 നന്നം മുക്ക് ഗ്രാമ പഞ്ചായത്ത് തീരുമാനം നം. 9(19) തീയതി 06/02/2020

<u>**ഉത്തരവ്**</u>

മലപ്പുറം ജില്ലയിലെ നന്നം മുക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടായ ശ്രീ അബ്ദുൽ കരീം സ്കൂട്ടറിൽ നിന്ന് വീണ് പരിക്കേറ്റതിനെ തുടർന്ന് ചികിത്സ നടത്തിയിതിനുള്ള ചെലവ് അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. പരാമർശം (2) പ്രകാരം പഞ്ചായത്ത് കമ്മറ്റിയുടെ യോഗ തീരുമാനം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ പകർപ്പുകൾ അയച്ചു തരികയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സ്കൂട്ടറിൽ നിന്ന് വീണ് പരിക്കേറ്റതിനെ തുടർന്ന് ചികിത്സ നടത്തിയിതിനു ചെലവായ തുകയായ 1,02,177/-രൂപ( ഒരു ലക്ഷത്തി രണ്ടായിരത്തി നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും ശ്രീ കെ.വി.അബ്ദുൽ കരീമിന് അനുവദിക്കാവുന്നതും എന്നാൽ (സ്കൂട്ടർ അപകടമായതിനാൽ) ഈ ചികിത്സക്കായി ടിയാന് ഇൻഷ്വറൻസ് മുഖേനയോ മറ്റോ തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്ത് ബാക്കി തുക മാത്രം നല്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ കെ.വിപ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ അബ്ദുൽ കരീം, പ്രസിഡണ്ട്, നന്നം മുക്ക് ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഐ&പി.ആർ( വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ.ഇ.) വകുപ്പ് തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

 സെക്ഷൻ ഓഫീസർ